# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2464** **18.02.2016** - ൽ മറുപടിക്ക്

## കുടിവെള്ളം

| ചോദ്യം<br>**ശ്രീ.എ. കെ. ശശീന്ദ്രൻ**<br>**ശ്രീ.തോമസ് ചാണ്ടി** | മറുപടി<br>ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജനങ്ങൾക്ക് അടിയന്തരഘട്ടങ്ങളിൽ വെള്ളം നൽകുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) അടിയന്തിരഘട്ടങ്ങളിൽ ടാങ്കർലോറി വഴി കുടിവെള്ളം വിതരണം ചെയ്യാറുണ്ട്. വാട്ടർ അതോറിറ്റിയുടെ ടാങ്കർ ലോറികൾക്ക് പുറമേ തദ്ദേശ സ്ഥാപനങ്ങളും റവന്യൂ വകുപ്പും ഏർപ്പാടു ചെയ്യുന്ന ടാങ്കർ ലോറികൾ വഴിയും അടിയന്തിര ഘട്ടങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാറുണ്ട്. |
| (ബി) ജല അതോറിറ്റിയ്ക്ക് നാമമാത്രമായ തുക നൽകി ജീവനക്കാരുടെ ഒത്താശയോടെ കുടിവെള്ള മാഫിയ ടാങ്കറുകളിൽ വെള്ളം കടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(സി) ഒരു തവണ എടുക്കുന്ന പാസ് ഉപയോഗിച്ച് ഒരു ദിവസം പല തവണ വെള്ളം കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) കുടിവെള്ള മാഫിയയുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ആക്ഷേപം ലഭിച്ചാൽ അതിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ